# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/2751/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/2751/2023 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ.കെ.കെ,കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ നാസർ..പി,ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.അസീന.എ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷംസിയ സുബൈർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ജയകുമാർ.ജി.വി | സെക്രട്ടറി | 01-04-2022 | 11-05-2022 |
| ശ്രീ.ബാബു.ടി.കെ | സെക്രട്ടറി | 12-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ്.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി സ്മിത ടി.വൈ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷഹാനില പി.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. സജീല എ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഷഹ്ന പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യാ മോഹൻ | വെറ്റിനറി സർജൻ | 01-04-2022 | 07-01-2023 |
| ഡോ.ലുക്ക്മാൻ കമ്പൂരാത്ത് | വെറ്റിനറി സർജൻ | 08-01-2023 | 31-03-2023 |
| ശ്രീമതി. ശൈലജ കെ.എസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീജേഷ് | ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 24-02-2023 |
| ശ്രീമതി.അഞ്ജന സുനിൽ | ഫിഷറീസ് എക്സ്റ്റൻഷൻഓഫീസർ | 25-02-2023 | 31-03-2023 |
| ശ്രീ.ജേക്കബ് ജെർസൺ.എം | വി.ഇ.ഒ(ചെറിയമുണ്ടം&ഇരിങ്ങാവൂർ സർക്കിൾ) | 01-04-2022 | 14-06-2022 |
| ശ്രീ.ജേക്കബ് ജെർസൺ.എം | വി.ഇ.ഒ(ചെറിയമുണ്ടം സർക്കിൾ) | 15-06-2022 | 18-07-2022 |
| ശ്രീ.സിദ്ദീഖ്.വി | വി.ഇ.ഒ(ചെറിയമുണ്ടം&ഇരിങ്ങാവൂർ സർക്കിൾ) | 15-06-2022 | 25-07-2022 |
| ശ്രീ.സിദ്ദീഖ്.വി | വി.ഇ.ഒ(ചെറിയമുണ്ടം സർക്കിൾ) | 26-07-2022 | 31-07-2022 |
| ശ്രീമതി.റിജിന | വി.ഇ.ഒ(ഇരിങ്ങാവൂർ സർക്കിൾ) | 26-07-2022 | 13-02-2023 |
| ശ്രീ.അരുൺ കുമാർ.പി.എസ് | വി.ഇ.ഒ(ചെറിയമുണ്ടം സർക്കിൾ) | 01-08-2022 | 13-02-2023 |
| ശ്രീ.അരുൺ കുമാർ.പി.എസ് | വി.ഇ.ഒ(ചെറിയമുണ്ടം&ഇരിങ്ങാവൂർ സർക്കിൾ) | 14-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | മുഴുവൻ രേഖകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | തൊഴിലുറപ്പ് പദ്ധതി ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Specific Purpose Grant കളുടെ ACR സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | വസ്തു നികുതി-ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിൽ അപാകത | 1-1-5 |
| 7 | ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ട് വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ബാങ്ക് ബുക്കുകൾ യഥാ സമയം റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | ലോൺ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയേക്കാൾ Source Deduction വരുത്തി | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ഇ-പേ അക്കൗണ്ടിലെ ക്യാഷ്/ ചെക്ക് ഡോപ്പോസിറ്റഡ് വരവ് കാണിച്ചതിലെ അപാകത | 1-1-12 |
| 14 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | തനത് ഫണ്ട് അവലോകനം | 1-11 |
| 26 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 27 | തൊഴിൽ നികുതി പിരിവിൽ അപാകത | 1-13 |
| 28 | ലൈസൻസ് പിരിവിൽ അപാകത | 1-14 |
| 29 | വാടക പിരിവുമായി ബന്ധപ്പെട്ട അപാകത | 1-15 |
| 30 | സഞ്ചയയിൽ വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി | 1-16 |
| 31 | മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു. | 1-17 |
| 32 | തരം മാറ്റിയ ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണ വിവരം ലഭ്യമല്ല | 1-18 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 34 | പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണത്തിന് വിഹിതം നൽകൽ– വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 35 | ആയുർവേദ ഡിസ്പെൻസറി- ഇലക്ട്രിക്കൽ പ്രവൃത്തി- കരാറുകാരന് അധിക തുക നൽകി | 1-21 |
| 36 | വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ ചെലവ് വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നില്ല. | 1-22 |
| 37 | മുറിച്ച് മാറ്റിയ മരം ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല | 1-23 |
| 38 | അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 1-24 |

| | | |
|---|---|---|
| 39 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-25 |
| 40 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചില്ല- കുടിവെള്ള പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. | 1-26 |
| 41 | ബാങ്ക് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കുന്നു | 1-27 |
| 42 | വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 18164 രൂപ തിരിച്ചടവാക്കി | 1-28 |
| 43 | Defect Liability Period കുറവായി കരാറിൽ ഉൾപ്പെടുത്തി | 1-29 |
| 44 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-30 |
| 45 | കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്നു വാങ്ങൽ:അപാകതകൾ | 1-31 |
| 46 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ: തുക പൂർണമായും ചെലവഴിച്ചില്ല | 1-32 |
| 47 | ബയോബിൻ വാങ്ങൽ:പദ്ധതി അപാകതകൾ | 1-33 |
| 48 | ഫർണിച്ചർ പർച്ചെയ്സ് ചെയ്തതിൽ അപാകത | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്ന്:തുക അധികം നല്കി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി&എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തീയതി : 22-12-2023

### 1-1-1 മുഴുവൻ രേഖകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 തൊഴിലുറപ്പ് പദ്ധതി ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതി- ക്യാഷ് ബുക്ക് പ്രകാരമുള്ള ആകെ ചെലവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ആകെ ചെലവ് |
|---|---|
| വാർഷികകണക്ക് പ്രകാരം | 7112488 |
| ക്യാഷ് ബുക്ക് പ്രകാരം | 6115258.97 |
| വ്യത്യാസം | 997229.03 |

## 1-1-3 Specific Purpose Grant കളുടെ ACR സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ ഇനത്തിന്റെ ബാലൻസ്ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-4 വസ്തു നികുതി-ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1.മുൻ വർഷ ധനകാര്യ പത്രിക പ്രകാരം (B-15) റെസിഡൻഷ്യൽ ,നോൺ റെസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ ലഭിക്കാനുള്ള തുക പൂജ്യം ആണ്. എന്നാൽ തൻ വർഷ ഡി.സി.ബി പ്രകാരം മുന്നിരിപ്പായി യഥാക്രമം 25872/-,3959/- എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

2.വസ്തു നികുതി - സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് താഴെ പറയുന്ന ഇനങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| Collection Residential (Current) | 2397380 | 2432882 | 35502 |
| Collection Residential (Arrear) | 1467 | 26244 | 24777 |
| Collection Non Residential (Current) | 1281370 | 1286227 | 4857 |
| Collection Non Residential (Arrear) | 0 | 3971 | 3971 |

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിൽ അപാകത

അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം Cash Flow Statement പ്രകാരം Net Cash Generated By Operating Activities+ Net Cash Generated By Investing Activities+ Net Cash Generated By Financing Activities (3475892/-രൂപ) എന്നിവയുടെ തുക Net Inrease In Cash And Cash Equivalents - (7627897/-രൂപ)മായി പൊരുത്തപ്പെടുന്നില്ല.

## 1-1-6 ക്യാഷ് നീക്കിയിരിപ്പിൽ വ്യത്യാസം

മുൻ വർഷ ധനകാര്യ പത്രിക പ്രകാരം(40-b) ക്യാഷ് ഇനത്തിലുള്ള നീക്കിയിരിപ്പ് 243571/-രൂപയാണ്. എന്നാൽ തൻ വർഷ ധനകാര്യ പത്രിക പ്രകാരം ക്യാഷ് ഇനത്തിലുള്ള മുന്നിരിപ്പ് (40-a) 206853/- രൂപയാണ്.

## 1-1-7 ബാങ്ക് അക്കൗണ്ട് വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഹെൽത്ത് ഗ്രാന്റിനായി കനറാ ബാങ്കിൽ ഓപ്പൺ ചെയ്ത അക്കൗണ്ട് (A/C No. 110042598819) വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 ബാങ്ക് ബുക്കുകൾ യഥാ സമയം റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നില്ല.

ബാങ്ക് ബുക്കുകൾ യഥാ സമയം റീകൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നില്ല.

ഉദാ: കനറാ ബാങ്കിൽ(A/C No.1049101034307) 31.05.22,31.07.22,31.10.22,31.01.23 തീയതികളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് 31.03.2023 നാണ് റീകൺസിലിയേഷൻ ചെയ്തിട്ടുള്ളത്

## 1-1-9 ലോൺ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയേക്കാൾ Source Deduction വരുത്തി

മുൻ വർഷ ധനകാര്യ പത്രിക പ്രകാരം KURDFC ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയേക്കാൾ അധികമായി Source Deduction വരുത്തിയതിനാൽ B-5 പ്രകാരം ഈ ഇനത്തിലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക -31650/- രൂപയായിരുന്നു. തൻ വർഷം 402781/- രൂപ കൂടി Source Deduction വരുത്തിയതിനാൽ തൻ വർഷം ഈ ഇനത്തിലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക -434431/- രൂപയാണ്.തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിൽ 75088/- രൂപയുടേയും കോൺട്രാക്ടേഴ്സ് റിടെൻഷൻ ഇനത്തിൽ 75088 രൂപയുടെയും നീക്കിയിരിപ്പ് ഉണ്ടെങ്കിലും B-7 പ്രകാരം ആയത് യഥാക്രമം 19438/- രൂപയും 77459 രൂപയുമാണ്. B-7 പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 102500/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

### 1-1-11 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-18 പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായി 1243278/- രൂപ അഡ്വാൻസ് ആയി അനുവദിച്ചിട്ടുണ്ട്.എന്നാൽ ആയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.തൊഴിലുറപ്പ് പദ്ധതി ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുക 634371/- രൂപയാണ്.

### 1-1-12 ഇ-പേ അക്കൗണ്ടിലെ ക്യാഷ്/ ചെക്ക് ഡോപ്പോസിറ്റഡ് വരവ് കാണിച്ചതിലെ അപാകത

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (A/C No:67387641505) ഇ-പേ അക്കൗണ്ട് റീകൺസിലിയേഷൻ ചെയ്തതിൽ 9098/- രൂപ ക്യാഷ്/ ചെക്ക് ഡോപ്പോസിറ്റഡ് എന്നത് പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ വിവരം സ്റ്റേറ്റ്മെന്റിൽ ലഭ്യമല്ല.

### 1-1-13 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 6100/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ രശീതി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തിയതിന്റേയോ ഡിപ്രീസിയേഷൻ നിശ്ചയിച്ചതിന്റേയോ രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി (നം. 6/12-12-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1)/24.03.2022 | 2(1)/07.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 26536210 |
| വരവ് | 125700105 |
| ആകെ | 152236315 |
| ചെലവ് | 118072208 |
| നീക്കിയിരിപ്പ് | 34164107 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23059567 | 23059567 | 23059567 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 1064452 | 1064452 | 1064452 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 5792000 | 5792000 | 3944339 | 1847661 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5363000 | 5363000 | 5361452 | 1548 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 8807048 | 8807048 | 6384164 | 2422884 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 3831588 | 3831588 | 4901765 | -1070177 |
| ബി ഫണ്ട് | 0 | 41289600 | 41289600 | 41289600 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 122971651 | 140 | 53010315 | 0 | 59 | 70.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 200740 | 357421 | 558161 | 0 | 558161 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 5481611 | 5481611 | 5481611 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 272000 | 23 |
| വിധവാ പെൻഷൻ | 12963000 | 1113 |
| വാർദ്ധക്യകാലപെൻഷൻ | 23793200 | 2589 |
| വികലാംഗപെൻഷൻ | 4625000 | 415 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 86400 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2023 ന് 10.05 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12161/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
2. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. ഇക്കാരണത്താൽ പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമല്ല.
3. മഴക്കാല പൂർവ്വ ശുചീകരണത്തിന് വാർഡ് സമിതികൾക്ക് കൈമാറിയ ഫണ്ട് യഥാസമയം വിനിയോഗിക്കാത്തതിനാൽ ശുചിത്വ മിഷനിൽ നിന്നുള്ള ഫണ്ട് ലാപ്സാവാൻ ഇടയായിട്ടുണ്ട്.
4. ഇ- ടെണ്ടർ ചെയ്യതിലൂടെ ഗ്രാമ പഞ്ചായത്തിന് ടെണ്ടർഫീ ഇനത്തിൽ ലഭിക്കേണ്ടതായ തുക നാളിതു വരെ ലഭ്യമായിട്ടില്ല.

മേൽ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2022 | 04/2022 മുതൽ 07/2022 വരെ | 20.08.2022 |
| എ.ജി ഓഡിറ്റ് | 04.03.2011-14.03.2011 | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-11 തനത് ഫണ്ട് അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ , ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ , പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**വസ്തു നികുതി**

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി

ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.(12.05.2023 തീയതിയിലെ 1/1 നമ്പർ തീരുമാനം

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)09.05.2023 ലെ 3/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും എ3-3967/23 തിയ്യതി 15.05.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 17.05.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 09.05.2023 ലെ 3/2 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് 09.05.2023 ലെ 3/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും എ3-3967/23 തിയ്യതി 15.05.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 17.05.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി ഇന്റർവ്യൂ നടത്താൻ പത്ര പരസ്യം 10/05/2023 തീയതിയിലെ 6477/2022 നോട്ടീസ് പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും പിന്നീട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 25.07.2023ലെ 4/1 നമ്പർ തീരുമാന പ്രകാരം നിശ്ചയിക്കുകയും ആയതിന്റെ നോട്ടീസ് നമ്പർ എ3/3967/23 തീയതി 01/09/2023 പ്രകാരം പുറപ്പെടുവിക്കുകയും 07/09/23 ലെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |

| | |
|---|---|
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വലിയ സ്ഥാപനങ്ങൾക്കുപോലും ഡിമാന്റ് നോട്ടീസ് നൽകുന്നുമില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

**ലൈസൻസ് ഫീസ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല.

വാടക

പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു കടമുറി(16/181 ) 2022 ഡിസംബർ മുതലും രണ്ട് കടമുറികൾ (16/182 ,16/183) മാർച്ച് 2023 മുതലും ഒഴിഞ്ഞ് കിടക്കുകയാണ്. ആയത് ലേലം ചെയ്ത് വരവിലേക്ക് മുതൽ കൂട്ടേണ്ടതായിട്ടുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി ഫയൽ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ഡിപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ, ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി ഫയൽ, വാർഷിക കണക്ക്, എന്നിവ പരിശോധിച്ചാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ | ചെലവഴിച്ച തുക (വിനിയോഗ | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ |
|---|---|---|---|---|---|---|

| | | | | തുക | സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 131/15, മച്ചിങ്ങപ്പാറ വാട്ടർ അതോറിറ്റി കുടിവെള്ള പൈപ്പ് മാറ്റി സ്ഥാപിക്കൽ | 2014-15 | KWA | 73,000 | 0 (പൂർത്തീകരണ വിവരം ലഭ്യമല്ല) | 73,000 |
| 2 | 50/14, കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2014-15 | KWA | 1,50,000 | 0 (പൂർത്തീകരണ വിവരം ലഭ്യമല്ല) | 1,50,000 |
| 4 | 104/17, അംഗൻ വാടികൾക്ക് കുഴൽക്കിണർ നിർമ്മാണം | 2016-17 | GWD | 54,370 | 0 (പൂർത്തീകരണ വിവരം ലഭ്യമല്ല) | 54,370 |
| 5 | 190/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 2017-18 | KWA | 1400000 | 1217881 | 182119 |
| 6 | 211/18, വിവിധ വാർഡുകളിൽ കുഴൽ കിണർ | 2017-18 | GWD | 170493 | 68198 | 102295രൂപ തിരികെ അടവാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല |
| 7 | 132/22 വിവിധ അംഗൻ വാടികളിൽ കുഴൽക്കിണർ നിർമ്മാണം | 2021-22 | GWD | 1,11,986 | 58,926 | 53060 രൂപ തിരികെ അടവാക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല |
| 8 | 135/22 പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണറും പമ്പ് സെറ്റും സ്ഥാപിക്കൽ(SO) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2021-22 | GWD | 80,705 | 0 (പൂർത്തീകരണ വിവരം ലഭ്യമല്ല) | 80,705 |
| 9 | 136/22 പിഎച്ച്സി സബ്സെന്ററിൽ കുഴൽക്കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ | 2021-22 | GWD | 79,545 | 0 (പൂർത്തീകരണ വിവരം ലഭ്യമല്ല) | 79,545 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ലഭ്യമായതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/22-23/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി പിരിവിൽ അപാകത

1. പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന തൊഴിൽനികുതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | അടവാക്കാത്ത കാലയളവ് | |
| 1 | കേബിൾ ടി.വി സർവ്വീസ് | ഒന്നാം പാദം& രണ്ടാം പാദം | ലൈസൻസ് രജിസ്റ്റർ ക്രമ.നം.45 |
| 2 | ക്രോസറി ഷോപ്പ് | ഒന്നാം പാദം& രണ്ടാം പാദം | ലൈസൻസ് രജിസ്റ്റർ ക്രമ.നം.90 |
| 3 | ഡിസ്റ്റൻസ് എജ്യൂക്കേഷൻ സെന്റർ | ഒന്നാം പാദം& രണ്ടാം പാദം | ലൈസൻസ് രജിസ്റ്റർ ക്രമ.നം.108 |
| 4 | സ്ക്രാപ് ഷോപ്പ് | ഒന്നാം പാദം& രണ്ടാം പാദം | ലൈസൻസ് രജിസ്റ്റർ ക്രമ.നം.213 |

മേൽ സ്ഥാപനങ്ങൾ 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(എ) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെയും ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ,മറ്റ് പ്രൊഫഷനലുകൾ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3.ആയിഷക്കുട്ടി (അഭയം,പൂക്കയിൽ) എന്ന ലൈസൻസിയുടെ പേരിൽ (ലൈസൻസ് രജിസ്റ്റർ ക്രമ. നം. 11, 12) സലീമ ഹോസ്പിറ്റൽ/ഡയഗ്ണോസ്റ്റിക് സെന്റർ എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ 8 ജോലിക്കാർ ഉണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 4 പേരുടെ തൊഴിൽ നികുതി മാത്രമാണ് അടവാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/15.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് പിരിവിൽ അപാകത

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്ററർ പരിശോധിച്ചപ്പോൾ ചുവടെ കൊടുക്കുന്ന അപാകതകൾ കണ്ടു.

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. നിലവിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കുന്നത്.

2.ലൈസൻസ് രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടില്ല എന്ന് കണ്ടു. ടി സ്ഥാപനങ്ങൾ പഞ്ചായാത്ത് പരിധിയിൽ തുടർന്നും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീസ് ഈടാക്കാൻ എടുത്ത നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ | സ്ഥാപന ഉടമയുടെ പേര് | അപേക്ഷ നമ്പർ/കെട്ടിട |
|---|---|---|

| ക്രമ.നം | | നമ്പർ |
|---|---|---|
| 90 | റാഷിക്ക് | 2137/12.04.2022 |
| 94 | ഫൈസൽ റഹ്മാൻ | 2170/13.04.2022 |
| 122 | ഗോപാലൻ | 1/292 |
| 132 | ഷറഫുദ്ധീൻ | 13/6 |
| 136 | സൈതലവി.വി.പി | 3111/02.06.2022 |
| 163 | സുധൻ.ടി.കെ | 4355/04.08.2022 |
| 170 | അബ്ദുൽ അലി | 4912/31.08.2023 |
| 178 | അദ്വൈത് | 5446 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/12.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ക്രമ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 വാടക പിരിവുമായി ബന്ധപ്പെട്ട അപാകത

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ തലക്കടത്തൂരിൽ 7 കടമുറികളും ഒരു മാർക്കറ്റ് സ്റ്റാളും ഉണ്ട്.ആയതുമായി ബന്ധപ്പെട്ട രജിസ്റ്ററും ഫയലുകളും പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 2022 ഡിസംബറിൽ 16/181 നമ്പർ കടമുറിയും മാർച്ച് 2023 ൽ 16/182 ,16/183 നമ്പർ കടമുറികളും വാടകക്കാരൻ ഒഴിഞ്ഞിട്ടുണ്ട്. മേൽ കടമുറികൾ ലേലം ചെയ്യാൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. രജിസ്റ്റർ പ്രകാരം മേൽ കടമുറികൾ ഒഴിഞ്ഞ് പോയപ്പോൾ ഉണ്ടായിരുന്ന വാടക കുടിശ്ശിക ബിഡ്ഡേഴ്സ് ഇ.എം.ഡി. ഇനത്തിൽ നിന്ന് ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.രജിസ്റ്റർ പ്രകാരം ടി തുക 70536/- രൂപയാണ്.എന്നാൽ RP-45 പ്രകാരം മേൽ തുക വരവ് വന്നിട്ടില്ല.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ടി തുക ബിഡ്ഡേഴ്സ് ഇ.എം.ഡി. ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. മുൻ വർഷ ധനകാര്യ പത്രിക B-15 പ്രകാരം Rent Receivable From Buildings(arrear) ഇനത്തിൽ 6545/- ലഭിക്കാനുണ്ട്.എന്നാൽ ആയത് തൻ വർഷ ഡിമാന്റിൽ (I-3) ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/12.12.2023 ക്ക് നൽകിയ മറുപടിയിൽ ലേലവും പുനർലേലവും നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കട മുറികൾ ലേലം ചെയ്തും വാടക വരവ് ആയത് ഹെഡിലേക്ക് മാറ്റിയും വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 സഞ്ചയയിൽ വഴി സൗകര്യം തെറ്റായി രേഖപ്പെടുത്തി

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന്റെ ഭാഗമായി മേഖലകളെയും റോഡുകളെയും തരം തിരിച്ചതിന്റെ ഭരണസമിതി തീരുമാനം ലഭ്യമല്ല. 25.07.2023 തീയതിയിലെ 4(2) നമ്പർ തീരുമാന പ്രകാരം ചുവടെ കൊടുത്ത ഭാഗങ്ങളെ പ്രാഥമിക മേഖലയായും ബാക്കിയുള്ള പ്രദേശങ്ങൾ മുഴുവനും ദ്വിതീയ മേഖലയായും നിശ്ചയിച്ചിട്ടുണ്ട്.

A.ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന തിരൂർ -മഞ്ചേരി സംസ്ഥാന പാതയുടെ ഇരുവശവും 200m വരെയുള്ള പ്രദേശം.

B. ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലൂടെ കടന്ന് പോകുന്ന വട്ടത്താണി-പുത്തനത്താണി ജില്ലാ പാതയുടെ ഇരുവശവും 200m വരെ

C. പനമ്പാലം കടുങ്ങാത്തുകുണ്ട് ജില്ലാപാതയുടെ ഇരുവശവും 200m വരെയുള്ള പ്രദേശം.

ഫയലുകൾ പരിശോധിച്ചപ്പോൾ മേൽ പ്രദേശത്ത്ഉൾപ്പെട്ട ചില കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നമ്പർ അനുവദിച്ചതായി കണ്ടു. എന്നാൽ ആയവ 25.07.2023 തീയതിയിലെ 4(2) നമ്പർ തീരുമാനത്തിന് മുമ്പ് ഏത് മേഖലയിലാണ് ഉൾപ്പെട്ടിരുന്നത് എന്ന് വ്യക്തമല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ഫയൽ നമ്പർ | കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശം | സഞ്ചയയിൽ മേഖലയായി ഉൾപ്പെടുത്തിയത് |
|---|---|---|---|
| 1 | A3-5563/28.10.2021 | വട്ടത്താണി-പുത്തനത്താണി ജില്ലാ പാത | ദ്വിതീയ മേഖല |
| 2 | A3-1041/16.02.2022 | വട്ടത്താണി-പുത്തനത്താണി ജില്ലാ പാത | ദ്വിതീയ മേഖല |
| 3 | A3-844/08.02.2022 | വട്ടത്താണി-പുത്തനത്താണി ജില്ലാ പാത | ദ്വിതീയ മേഖല |
| 4 | A3-4018/16.07.2022 | തലക്കടത്തൂർ ടൗൺ (150m From AL NOOR Hospital) | ദ്വിതീയ മേഖല |
| 5 | A3-2938/21.06.2018 | തിരൂർ-മഞ്ചേരി സംസ്ഥാനപാത (തലക്കടത്തൂർ ടൗൺ) | ദ്വിതീയ മേഖല |

2. കംപ്ലീഷൻ പ്ലാൻ പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള ചില റോഡുകൾ സഞ്ചയയിൽ 1.5 മീറ്ററിൽ കൂടുതൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയതായി കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ഫയൽ നമ്പർ | റോഡിന്റെ വീതി (കംപ്ലീഷൻ പ്ലാൻ പ്രകാരം മീറ്ററിൽ) | സഞ്ചയയിൽ വഴി സൗകര്യം രേഖപ്പെടുത്തിയത് |
|---|---|---|---|
| 1 | A3-677/01.02.2022 | 5 | 1.5 മീറ്ററിൽ കൂടുതൽ |
| 2 | A3-677/01.02.2022 | 5 | 1.5 മീറ്ററിൽ കൂടുതൽ |
| 3 | A3-281/07.01.2023 | 5 | 1.5 മീറ്ററിൽ കൂടുതൽ |
| 4 | A3-4346/04.08.2022 | 8 | 1.5 മീറ്ററിൽ കൂടുതൽ |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/15.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി അധികം വരുന്ന വസ്തു നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ചു.

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ A3-281/23തീയതി 07.01.2023 പ്രകാരം ബഷീർ എന്ന വ്യക്തിക്ക് വാണിജ്യാവശ്യത്തിനും പാർപ്പിടാവശ്യത്തിനുമായി കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ഉപയോഗക്രമം |
|---|---|---|
| 4/427 -A | 24.65 | വാണിജ്യാവശ്യം |
| 4/427- B | 24.65 | വാണിജ്യാവശ്യം |

| | | |
|---|---|---|
| 4/427- C | 24.65 | വാണിജ്യാവശ്യം |
| 4/427 -D | 24.65 | വാണിജ്യാവശ്യം |
| 4/427 -E | 54.365 | പാർപ്പിടം (ഗ്രൂപ്പ് A1) |
| 4/427 -F | 54.365 | പാർപ്പിടം (ഗ്രൂപ്പ് A1) |

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 29 പട്ടിക 9 പ്രകാരം മേൽ പട്ടികയിലെ പാർപ്പിടാവശ്യത്തിനുള്ള ഗ്രൂപ്പ് A1 കെട്ടിടങ്ങൾക്കായി ഒരു പാർക്കിഗ് സൗകര്യവും പട്ടിക 10 പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കായി 2പാർക്കിഗ് സൗകര്യവും റൂൾ 29,(4)ൽ(6) പ്രകാരം സന്ദർശകർക്കുള്ള പാർക്കിംഗിനായി ഒരു പാർക്കിംഗ് സൗകര്യവും ആയി ആകെ 4 പാർക്കിംഗ് സൗകര്യം ഇരുചക്ര വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യത്തിന് പുറമേ നിജപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പാർക്കിംഗ് പ്ലാൻ പ്രകാരം 3 പാർക്കിംഗ് സൗകര്യം മാത്രമാണ് കെട്ടിടത്തിന് ലഭ്യമായിട്ടുള്ളത്. ആയതിൽ 2 കാർ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുള്ളത് കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിലാണ്. ഒരു കാർ പാർക്കിംഗിനായി നിജപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണം 5.5x2.7 ചതുരശ്ര മീറ്റർ ആണ്. എന്നാൽ പാർക്കിംഗ് പ്ലാൻ പ്രകാരം ഫ്രണ്ട് യാർഡിൽ ഈ വിസ്തീർണ്ണത്തിൽ ഒരു പാർക്കിംഗ് സൗകര്യം മാത്രമാണ് ലഭ്യമായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/15.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ പാർക്കിംഗ് സൗകര്യം ലഭ്യമാക്കുന്നത് വരെ മേൽ കെട്ടിടം അൺ ഓതറൈസ്ഡ് വിഭാഗത്തിൽ ഉൾപ്പെടുത്തി ചട്ടപ്രകാരം വസ്തു നികുതി ഈടാക്കുന്നതുൾപ്പെടെയുള്ള ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 തരം മാറ്റിയ ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണ വിവരം ലഭ്യമല്ല

A3/1888/2021 23.03.2021 പ്രകാരം ഒ.പി.ഷാജി എന്ന വ്യക്തിക്ക് റീ സർവ്വെ നമ്പർ 109/2-2 ൽ (ഗാർഡൻ ലാന്റ്) ഉൾപ്പെട്ട ഭൂമിയിൽ 481.67 സ്ക്വയർ മീറ്ററിൽ ബിൽഡിംഗ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്.തുടർന്ന് മേൽ പ്ലോട്ടിന്റെ പുറകിലുള്ള റീ സർവ്വെ നമ്പർ 109/8-2 നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി (4.45 ആർസ്) RDOTIR/612/2022 തീയതി 23.06.2022 പ്രകാരം തരം മാറ്റിയിട്ടുണ്ട്. ആയത് ഉത്തരവ് പ്രകാരം ടി ഭൂമിയിൽ 509.92ചതുരശ്ര മീറ്റർ (5486.734 ചതുരശ്ര അടി) വിസ്തീർണ്ണമുള്ള ബിൽഡിംഗ് നിർമ്മിക്കാൻ ഉടമസ്ഥന് അനുമതി ആയിട്ടുണ്ട്.

തുടർന്ന് A-3/4018/2022 തീയതി 16/07/2022 പ്രകാരം മേൽ നമ്പർ ഭൂമികളിലായി 977.69 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ച് നമ്പറിന് അപേക്ഷിക്കുകയും പെർമ്മിറ്റ് അനുവദിച്ചതിന് അധികമായി നിർമ്മിച്ച 495.8 സ്ക്വയർ മീറ്റർ കെട്ടിടം റെഗുലറൈസ് ചെയ്ത് 16/208-A മുതൽ 16/208-S( 16/208-I ഒഴികെ) വരെ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കെട്ടിടം പൂർത്തീകരിച്ചപ്പോൾ തരം മാറ്റിയ ഭൂമിയിൽ എത്ര വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല. തരം മാറ്റിയ ഭൂമിയിൽ നിർമ്മിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/14.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തരം മാറ്റിയ ഭൂമിയിൽ എത്ര വിസ്തീർണ്ണത്തിൽ ആണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്നുള്ളത് ഉറപ്പ് വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഡെപോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2022-23വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 2021-22 വർഷം ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികൾക്ക് ജി.എസ്.ടി നിരക്ക് വർദ്ധിച്ചതിനാൽ എസ്റ്റിമേറ്റ് പുതുക്കിയതിനുസരിച്ചുള്ള അധിക തുകയാണിത്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ബിൽ നം. , തുക | ഏജൻസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 91/23, പഞ്ചായത്ത് ഓഫീസിലേക്ക് കുഴൽ കിണറും പമ്പ് സെറ്റും സ്ഥാപിക്കൽ (So) | 10533 (CFC ഗ്രാന്റ്) | 84/24.09.22 | GWD |
| 2 | 92/23, PHC സബ്സെന്റർ (ബംഗ്ലാംകുന്ന്) കുഴൽ കിണറും പമ്പ് സെറ്റും സ്ഥാപിക്കൽ (So) | 10229 (CFC ഗ്രാന്റ്) | 85/27.09.22 | GWD |
| 3 | 93/23, ഹോമിയോ ഡിസ്പെൻസറിക്ക് കുഴൽ കിണറും പമ്പ് സെറ്റും സ്ഥാപിക്കൽ (So) | 13473 (CFC ഗ്രാന്റ്) | 86/27.09.22 | GWD |
| | ആകെ | 34235 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഭൂജല വകുപ്പിന് കത്ത് നൽയിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.01/22-23/11.12.23) മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 34235രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പഞ്ചായത്ത് റിസോഴ്സ് സെന്റർ നിർമ്മാണത്തിന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ നം.19/23 പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് (സ.ഉ (സാധാ) നം.98/2022/തസ്വഭവ/13.01.2022 പ്രകാരം) ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ട 265000/-രൂപയിൽ 185700രൂപ ബിൽ നം.10/20.09.22 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ന് നൽകിയിട്ടുണ്ട്. (2021-22 ൽ 79300രൂപ നൽകിയിട്ടുണ്ട്). ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ 185700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ. 04/22-23/11.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ആയുർവേദ ഡിസ്പെൻസറി- ഇലക്ട്രിക്കൽ പ്രവൃത്തി- കരാറുകാരന് അധിക തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ ആയുർവേദ ഡിസ്പെൻസറിക്ക് കുടിവെള്ളത്തിന് മോട്ടോർ വാങ്ങലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന ഇലക്ട്രിക്കൽ പ്രവത്തി മലപ്പുറം ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ നിർവ്വഹിച്ചിട്ടുണ്ട്. കരാറുകാരന് ബിൽ തുക നല്കിയപ്പോൾ കണക്ക് കൂട്ടലിൽ വന്ന പിശക് കാരണം അധികമായി 2870/- രൂപ നൽകാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം., പേര് : 21/23, ആയുർവേദ ഡിസ്പെൻസറിക്ക് കുടിവെള്ളത്തിന് മോട്ടോർ വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും.

ചെലവ് തുക : 92764/- (CFC ഫണ്ട്)

ബിൽ നം. : 40/22.03.23, 4000
41/22.03.23, 88764

കരാറുകാരൻ : അബ്ദുൽ സലാം എ.കെ

എസ്റ്റിമേറ്റ് നം. : LSGD/CELSGD/EST/70392/2022 (DSR-2018, Cost Index – 36.44%)

എം.ബുക്ക് നം. : 36/22-23

| അനുവദനീയമായ തുക | നൽകിയ തുക | കരാറുകാരന് അധികം നൽകിയ തുക |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം = 72791.25<br>(+) 18% ജി.എസ്.ടി = 13102.42<br>ആകെ = 85894<br>(-) 1% IT, KCWB = 1456<br>കരാറുകാരന് നൽകേണ്ട തുക = | ആകെ പ്രവൃത്തി മൂല്യം = 72791.25<br>(+) 18% ജി.എസ്.ടി =13102.42<br>ആകെ കണക്കാക്കിയത്=88764<br>(-) 1% IT, KCWB = 1456<br>കരാറുകാരന് നൽകിയ | 2870/-രൂപ<br>(പ്രവൃത്തി മൂല്യത്തിനോടുകൂടി 18% ജി.എസ്.ടി തുകകൂട്ടി ആകെ തുക കണക്കാക്കിയതിൽ വന്ന അപാകതയാണിത്) |

| | | |
|---|---|---|
| 84438<br>സെന്റേജ് ചാർജ് = 4000<br>ആകെ ചെലവ് തുക=89894 | തുക=87308<br>സെന്റേജ് ചാർജ് = 4000<br>ആകെ ചെലവ് തുക = 92764 | |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരിച്ച് പിടിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.13/22-23/13.12.23) മറുപടി ലഭ്യമാക്കി. അധികം നൽകിയ 2870/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ ചെലവ് വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ രേഖപ്പെടുത്തുന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/22-23/14.12.23) വാഹനത്തിന്റെ ചെലവുകൾ ഓരോ മാസവും രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 മുറിച്ച് മാറ്റിയ മരം ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല

7ാം വാർഡിലെ ഇരിങ്ങാവൂർ അംഗൻവാടിയിലെ റോഡിനോട് ചേർന്നുള്ള ചീനി മരം 08.12.22ന് മുറിച്ച് മാറ്റി അട്ടി വച്ചതിന് ശ്രീ.സലീം എന്നയാൾക്ക് വൗച്ചർ നം.22200712/17.10.22 പ്രകാരം 9500/-രൂപ നൽകിയതായി കാണുന്നു. എന്നാൽ മരം ലേലം ചെയ്ത് മുതൽ കൂട്ടിയിട്ടില്ല. ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നെന്നാണ് ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/22-23/14.12.23) മറുപടി ലഭ്യമാക്കിയത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 അസി.എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ലഭിക്കുന്ന ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിൽ പണം വരവ് വരുന്നുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല. ഉദാ. അസി. എഞ്ചിനീയറുടെ പേരിൽ പുൽപ്പറമ്പ് എസ്.ബി.ഐ.ലുള്ള 37867692967 നമ്പരിലുള്ള അക്കൗണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വിധം പണം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി പണമിടപാടുകൾ ക്യാഷ് ബുക്കിൽ എൻട്രിയില്ല.

| ക്രമ നമ്പർ | പണമിടപാട് വിവരം /ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 874580/20.9.2022 | 3661 |
| 2 | 874579/20.9.2022 | 10852 |
| 3 | 874581/6.10.2022 | 50490 |

2. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ / വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

ഓരോ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ദൈനംദിന/പ്രതിമാസ/ വാർഷിക ക്ലോസിംഗ് നടത്തിയിട്ടുമില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/13.12.2023 നുള്ള മറുപടിയിൽ ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്തതിനാലും ജോലിത്തരക്ക് മൂലവുമാണ് ക്യാഷ് ബുക്ക് നിർദ്ദിഷ്ഠ രീതിയിൽ സൂക്ഷിക്കാതിരുന്നതെന്ന് അറിയിച്ചു. പണമിടപാടുകളുടെ കൃത്യമായ അക്കൗണ്ടിംഗ് ഉറപ്പ് വരുത്തുന്നതിന് നിർദ്ദിഷ്ഠ രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-25 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/ത.സ്വ.ഭ.വ/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയതിനാൽ ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017/ത.സ്വ.ഭ.വ, തിയതി-2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് 9.8.2018 ന് പുൽപ്പറമ്പ് എസ്.ബി.ഐ.യിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ ചെയ്തതിലൂടെയുള്ള ടെണ്ടർ ഫോറം വില അക്കൗണ്ടിൽ നാളിതു വരെ വരവ് വരുന്നില്ല . ഇക്കാര്യം 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ അസി.എഞ്ചിനീയറുടേയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടേയും ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക തിരികെ ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ സമീപനം ഒട്ടും ആശാവഹമല്ല. ഇക്കാര്യത്തിലുള്ള ജാഗ്രതക്കുറവ് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു.

എസ്.ബി.ഐ.യിലുള്ള അക്കൗണ്ട് ഇ- ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്താത്തതിനാലാണ് ടെണ്ടർ ഫീ അക്കൗണ്ടിൽ ക്രെഡിറ്റ് വരാത്തത്. 2022-23 വർഷത്തിൽ 29 ടെണ്ടറുകളിലായി 35865 രൂപ ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ ഇ.ടെണ്ടർ ചെയ്തതിലുടെ എൽ.എസ്.ജി.ഡി. ഇ.ഇ.യുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-27/14.12.2023 നുള്ള മറുപടിയിൽ നിലവിൽ അക്കൗണ്ട് മാപ്പിംഗ് നടത്തിയിട്ടുണ്ടെന്നും ഇ.ഇ.യുടെ അക്കൗണ്ടിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചില്ല- കുടിവെള്ള പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ബംഗ്ലാംകുന്ന് പൊന്നുംകടവത്ത് പാത്ത് വേ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ട് പ്രകാരം നിലവിവുള്ള കുടിവെള്ള പദ്ധതി വിപുലീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിന് 5 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി (46/23). പിവിസി പൈപ്പ് ഉപയോഗിച്ച് ലൈൻ നീട്ടി പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന ഭാഗത്തേക്ക് വെള്ളം എത്തിക്കുന്നതിനും പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനുമാണ്പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ച് ട്രഞ്ച് കീറുന്ന പ്രവൃത്തി ആരംഭിച്ചപ്പോൾ ബംഗ്ലാംകുന്ന് പ്രദേശത്ത് ചെങ്കൽ പാറയായതിനാൽ ട്രഞ്ച് കീറുന്ന പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതെ വരികയും പി.വി.സി.പൈപ്പ് മാറ്റി ജി.ഐ.പൈപ്പ് ആക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു. അതോടൊപ്പം ടാങ്ക് ഉയർത്തുന്ന ഇനം കൂടി ഉൾപ്പെടുത്തുകയും ചെയ്തു.(8.7.2022 ലെ 1/7 നമ്പർ തീരുമാന പ്രകാരം) . എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളിൽ 240 മീറ്റർ നീളത്തിൽ 65mm ജി.ഐ.പൈപ്പ് സ്ഥാപിക്കൽ, ടാങ്ക് ഉയർത്തൽ എന്നിവ സ്ഥാപിച്ചതായി അളവെടുക്കുകയും 426556 രൂപ പാർട്ട് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 14.12.2023 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം ഭൗതിക പരിശോധന നടത്തിയതിൽ നിലവിൽ സ്ഥാപിച്ച ജി.ഐ പൈപ്പുകൾ ടാങ്കുമായി ബന്ധിപ്പിച്ചിട്ടില്ലെന്നും എസ്റ്റിമേറ്റിലെ

മറ്റിനങ്ങളായ വാൾവുകൾ സ്ഥാപിക്കൽ, ടാപ്പ് ഫിറ്റിംഗ് , പി.വി.സി.പൈപ്പ് ഉപയോഗിച്ചുള്ള ബന്ധിപ്പിക്കൽ എന്നിവ പൂർത്തിയാക്കിയിട്ടില്ലെന്നും ബോധ്യപ്പെട്ടു. ഇക്കാരണത്താൽ പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിക്കാതെ കുടിവെള്ള പദ്ധതി അവശേഷിക്കുന്നു.

പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിക്കാത്ത അവസ്ഥ എക്സിറ്റ് മീറ്റിംഗിൽ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കരാറുകാരന്റെ നിസ്സഹകരണം മൂലമാണ് ഈ സാഹചര്യമുണ്ടായിട്ടുള്ളതെന്നും അടിയന്തിരമായി തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ബാങ്ക് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കുന്നു

അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. ലുള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 37867692967, എസ്.ബി.ഐ, പൂൽപ്പറമ്പ്- ഐ. എഫ് .എസ് .സി -SBIN0070593) നിന്നും മിനിമം ബാലൻസ് ചാർജ് എന്ന പേരിൽ ചുവടെ ചേർത്തിട്ടുള്ള വിധം പണം പിൻവലിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പിൻവലിച്ച തിയതി | തുക |
|---|---|---|
| 1 | 30.4.22 | 590 |
| 2 | 31.5.22 | 120.15 |
| 3 | 2.7.22 | 1059.85 |
| 4 | 31.7.22 | 590 |
| 5 | 31.8.22 | 590 |
| 6 | 30.11.22 | 590 |
| 7 | 31.12.22 | 430 |
| 8 | 27.6.23 | 2840 |
| 9 | 30.6.23 | 590 |
| 10 | 31.7.23 | 590 |
| ആകെ | | 7990 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുക വഴി ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനാണ് സർക്കാർ നിർദ്ദേശം നൽകിയിരുന്നത്. അക്കൗണ്ട് കീപ്പിംഗ് ചാർജ് മാത്രമാണ് ഇത്തരം അക്കൗണ്ടുകളിൽ നിന്നും ബാങ്കിന് ഈടാക്കാവുന്നത്. അക്കൗണ്ട് കീപ്പിംഗ് ചാർജിനത്തിൽ 26.6.2023 ന് 649 രൂപ ബാങ്ക് ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/13.12.2023 നുള്ള മറുപടിയിൽ ഇക്കാര്യം ബാങ്കിനെ അറിയിച്ചിരുന്നുവെന്നും എന്നാൽ ബാങ്ക് കൃത്യമായ മറുപടി നൽകിയിട്ടില്ലെന്നും അറിയിച്ചു. ഇക്കാര്യം അടിയന്തിരമായി ബാങ്കിനെ അറിയിക്കുകയും ഇത്തരത്തിൽ തുക ഈടാക്കാൻ വ്യവസ്ഥയുണ്ടെങ്കിൽ രേഖാമൂലമുള്ള മറുപടി വാങ്ങേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ട് സീറോ ബാലൻസ് അക്കൗണ്ട് ആണെന്ന് ഉറപ്പ് വരുത്തേണ്ടതും ബാങ്ക് അന്യായമായിട്ടാണ് മിനിമം ബാലൻസ് ചാർജ് ഈടാക്കിയതെങ്കിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 18164 രൂപ തിരിച്ചടവാക്കി

2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ അതാതിന് നേരെ ചേർത്തിട്ടുള്ള കാരണങ്ങളാൽ ഓഡിറ്റ് എൻക്വയറി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ട തുക തിരിച്ചടവാക്കുകയും ചെയ്തു.

തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും വിശദാംശങ്ങളും | നഷ്ടത്തിന് കാരണം | തിരിച്ചടവാക്കിയ തുക/ രശീതി നം. | ഓഡിറ്റ് എൻക്വയറി നമ്പർ |
|---|---|---|---|
| 1.പടിഞ്ഞാക്കര ഇപ്പൂട്ടുങ്ങൽ കെ.പി.പടി കുടിവെള്ള പദ്ധതി (50/23) | വൈകി കരാർ ചമച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 3441/- രശീതി | 12/12.12.2023 |

| | | | |
|---|---|---|---|
| 2. തറയിൽ പെട്രോൾ പമ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ (45/23)<br>3.പാറക്കുഴി അങ്കണവാടി ഷീറ്റ് മേയൽ (65/23)<br>കരാറുകാരൻ: ശ്രീ. കുഞ്ഞഹമ്മദ്.ടി. | | നം.1230103591/G101201/<br>15.12.2023 | |
| ഇരിങ്ങാവൂർ വലിയകുളം തോട് സൈഡ് സംരക്ഷണം<br>( 36/23)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് ഹനീഫ | അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് അനുവദിച്ചു. | 10310/-<br>രശീതി<br>നം.1230103600/G101201/<br>15.12.2023 | 14/13.12.2023 |
| തങ്ങൾപ്പടി എസ്.വി.എ.യു.പി.സ്കൂൾ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ-208/23<br>കരാറുകാരൻ- ശ്രീ. പി.ടി. മുഹമ്മദ് കുട്ടി | എർത്ത് ഫില്ലിംഗ് അധിക നിരക്ക് നൽകി | 4413/-<br>രശീതി<br>നം.1230103615/G101201/<br>16.12.2023 | 9/12.12.2023 |
| **ആകെ** | | **18164** | |

മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 Defect Liability Period കുറവായി കരാറിൽ ഉൾപ്പെടുത്തി

സർക്കുലർ നമ്പർ 31/2022Fin , തിയ്യതി 06.04.2022 പ്രകാരം റോഡ്, നടപ്പാത, യാർഡുകൾ എന്നിവിടങ്ങളിൽ Paver Block ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം പ്രവൃത്തികളുടെ Defect Liability Period അഞ്ച് വർഷമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് Defect Liability Period കഴിഞ്ഞ ശേഷം മാത്രം തിരികെ നൽകേണ്ടതുമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പ്രവൃത്തിയിൽ Precast Concrete Paver Block-കൾ ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ കരാർ ചമച്ചപ്പോൾ മേൽ നിബന്ധന പാലിച്ചിട്ടില്ല. Defect Lability Period 2 വർഷമാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രം.ന | പ്രൊജക്ട് | 80 Mm Precast Concrete Paver Block -കൾ ഉപയോഗിച്ച് ചെയ്ത പ്രവൃത്തിയുടെ അളവ് |
|---|---|---|
| 1 | എസ്.വി.എ.യു.പി.സ്കൂൾ മനക്കൽതാഴം കായൽ റോഡ് പുനരുദ്ധാരണം (182/23)<br>കരാറുകാരൻ- ശ്രീ. ജബ്ബാർ<br>അടങ്കൽ- 300000\<br>എഗ്രിമെന്റ്-25/13.2.2023 | 214.36 $M^2$ |

Defect Liability Period സംബന്ധിച്ച മേൽ നിർദ്ദേശം പാലിക്കാതിരുന്നത് ശ്രദ്ധയിൽപെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-20/14.12.2023 നുള്ള മറുപടിയിൽ പ്രസ്തുത വർക്കിന്റെ സെക്യൂരിറ്റി സെപ്പോസിറ്റ് റിലീസ് ചെയ്തിട്ടില്ലെന്നും പ്രൈസ്-3 യിൽ എഗ്രിമെന്റ് തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതയാണെന്നും മേലിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ടെന്ന് മേലിൽ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-30 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷത്തിൽ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ കാണുന്ന പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് . എന്നാൽ മുഴുവൻ

മരുന്നുകളും ലഭ്യമായതായി കാണുന്നില്ല. ഓഡിറ്റിനു ഹജരാക്കിയ രേഖകൾ പ്രകാരമുള്ള വിശദവിവരം:

| ക്രമ നം. | പ്രൊജക്റ്റ് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക/ പ്രഫോർമ ഇൻവോയിസ് വിവരം | ഫണ്ട് | ബിൽ നമ്പർ/തിയ്യതി | ലഭ്യമായത് | ഇൻവോയിസ്/ തി. | ശേഷിക്കുന്നത് |
|---|---|---|---|---|---|---|---|
| 1 | യൂനാനി മരുന്ന് വാങ്ങൽ,76/23 | 400000 02/22-23 | എം.ജി: എൻ.ആർ | 3/22-23 /6.7.22 | 19664 | 4/22-23 /18.7.23 | 42602 |
| | | | | | 337734 | 9/22-23 /9.11.22 | |
| 2 | കിഡ്നി ഡയാലിസിസ് രോഗികൾക്ക് മരുന്നു വാങ്ങൽ,86/23 | 499903 PRF564/2.7.22 | എം.ജി: എൻ.ആർ | 14/22-23 /22.12.22 | 37632 | 19653 /10.10.23 | 387007 |
| | | | | | 75264 | 9630 /17.6.23 | |
| 3 | പി.എച്ച്.സിയിലേക്ക് മരുന്നു വാങ്ങൽ,82/23 | 558762 PRF565/2.7.22 | എം.ജി: എൻ.ആർ | 18/22-23 /18.2.23 | 0 | - | 558762 |
| | **ആകെ** | **14,58,665** | | | **4,70,294** | | **9,88,371** |

ലഭ്യമാകാൻ ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും, അല്ലാത്ത പക്ഷം മരുന്ന് ലഭ്യമാക്കാൻ/ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നറിയിച്ച ഓഡിറ്റ് എൻക്വയറി നമ്പർ-10/12.12.23 നല്കിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചതായി അറിയിക്കുകയും റിമൈൻഡറുകളുടെ പകർപ്പ് ഓഡിറ്റിനു സമർപ്പിക്കുകയും ചെയ്തു. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്നു വാങ്ങൽ:അപാകതകൾ

| | |
|---|---|
| **പദ്ധതിയുടെ പേര്** | കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്നു വാങ്ങൽ |
| **പ്രൊജക്റ്റ് നം.** | 83/23 |
| **നിർവഹണം** | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| **അടങ്കൽ** | 7,00,000 |
| **ചെലവ്** | 6,93,079 |
| **ഫണ്ട്** | എം.ജി:എൻ.ആർ |

2022-23 സാമ്പത്തിക വർഷത്തിൽ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ഹജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം, അവരെ തെരെഞ്ഞെടുക്കുന്ന മാനദണ്ഡം സംബന്ധിച്ച വിവരം, ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച വിവരം/ഭരണ സമിതി തീരുമാനം തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.
2. പദ്ധതിയുടെ ഭാഗമായി മാറിയ 1,51,285 രൂപയുടെ (ബിൽ നം.15 തി 22.12.22) ട്രഷറി ബിൽ വിവരങ്ങൾ, ഇൻവോയ്സ്, സ്റ്റോക്ക് വിവരങ്ങൾ എന്നീ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. ബിൽ നം.5 തി 6.7.22 പ്രകാരം ഉള്ള (ഇൻവോയ്സ് 351,352 തി.12.5.2022) 75,143 രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്ത വിവരങ്ങൾ ലഭ്യമായിട്ടില്ല.
4. പദ്ധതിയുടെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോർ, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. 2223276106795 തി 6.2.23 പ്രകാരം വാങ്ങിയ മരുന്നുകൾക്ക് താഴെ കാണും പ്രകാരം രണ്ട് തവണയായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./ തിയതി | തുക | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22/22.12.23 | 213790 | 48938,70064,94788 എന്നീ തുകകളുടെ മരുന്ന് ഉൾപ്പെടെ |
| 2 | 17/18.2.23 | 48938 | സ്റ്റോക്ക് വിവരവും ലഭ്യമല്ല |

ഇപ്രകാരം ക്രമനമ്പർ 1 പ്രകാരമുള്ള തുക ക്രമനമ്പർ 2 പ്രകാരം ആവർത്തിച്ച് നല്കാനിടയായ സാഹചര്യവും, മേൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ഓഡിറ്റിനു ഹജരാക്കിയ ഫയലുകളിൽ നിന്നും വ്യക്തമല്ല. വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/13.12.23 ന ക്രമ നം. 1 മുതൽ 3 വരെയുള്ള അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയെങ്കിലും ക്രമ നം. 4 ന ഇക്കാര്യം ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിച്ച ശേഷം തുക ക്രമീകരിക്കാനോ തിരികെ അടവാക്കാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിക്കുകയാണുണ്ടായത്. അപാകത നിലനില്ക്കുന്നതിനാൽ അധികമായി നല്കിയ തുക 48,938 രൂപ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിക്കുന്നു.

## 1-32 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ: തുക പൂർണമായും ചെലവഴിച്ചില്ല

2021-22 വർഷത്തിൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്ക് മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് വാർഡ് ഒന്നിനു 20000 രൂപ നിരക്കിൽ ആകെ 3,60,000 രൂപ മെഡിക്കൽ ഓഫീസർ പി എച്ച് സിക്ക് കൈമാറിയിട്ടുണ്ട്.(വൗച്ചർ നമ്പർ 22100765/27.1.2022). മുൻവർഷ റിപ്പോർട്ടിലും ഇതുമായി ബന്ധപ്പെട്ട പരാമർശം നിലവിലുള്ളതാണ് . മേൽ തുകയിൽ നാളിതു 2022-23 സാമ്പത്തിക വർഷം വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിലും ചില വാർഡുകൾ തുകയൊന്നും ചെലവഴിക്കാത്തതായും, ചെലവഴിച്ച വാർഡുകളിലെ ചെലവു രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്നതായും, ഏതാനും വാർഡുകൾ ഭാഗികമായി മാത്രം തുക ചെലവഴിച്ചതായും ബോധ്യപ്പെട്ടു. മേൽ അപാകത മൂലം 2022-23 വർഷത്തേക്ക് ഈ ഇനത്തിൽ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന തുക ലാപ്സാവാൻ ഇടയായതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശം:

| വാർഡ് | ലഭ്യമായത് | ചെലവഴിച്ചത് | ബാക്കി | 31.3.23 ലെ നീക്കിയിരിപ്പ് (NRHM ഫണ്ട് ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 20000 | 3500 | 16500 | 68931 |
| 2 | 20000 | 18900 | 1100 | 3268 |
| 3 | 20000 | 14450 | 5550 | 27693 |
| 4 | 20000 | 18700 | 1300 | 21505 |
| 5 | 20000 | 0 | 20000 | 47254 |
| 6 | 20000 | 20000 | 0 | 15065 |
| 7 | 20000 | 12476 | 7524 | 24441 |
| 8 | 20000 | 11630 | 8370 | 7622 |
| 9 | 20000 | 14839 | 5161 | 11975 |
| 10 | 20000 | 0 | 20000 | 32065 |
| 11 | 20000 | 18893 | 1107 | 36848 |
| 12 | 20000 | 8371 | 11629 | 13673 |
| 13 | 20000 | 0 | 20000 | - |
| 14 | 20000 | 0 | 20000 | 21119 |

| | | | | |
|---|---|---|---|---|
| 15 | 20000 | 12830 | 7170 | 52124 |
| 16 | 20000 | 0 | 20000 | 34635 |
| 17 | 20000 | 0 | 20000 | - |
| 18 | 20000 | 0 | 20000 | 56416 |
| **ആകെ** | **360000** | **154589** | **205411** | |

മുഴവൻ തുക നാളിതു വരെ ചെലവഴിക്കാത്തതിന്റെ കാരണവും, വിനിയോഗിച്ച തുകയുടെയും ബാക്കി തുകയുടെയും വിശദാംശം ഉൾപ്പെടുത്തി വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ശേഷിക്കുന്നവ തിരികെ അടക്കാനോ ക്രമീകരിക്കാനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിന ലഭ്യമാക്കേണ്ടതാണെന്നറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/12.12.23 ന ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിച്ച പുരോഗതി റിപ്പോർട്ട് ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-33 ബയോബിൻ വാങ്ങൽ:പദ്ധതി അപാകതകൾ

| | | |
|---|---|---|
| **പദ്ധതിയുടെ പേര്** | ബയോബിൻ വാങ്ങൽ | |
| **പ്രൊജക്ട് നം.** | 177/23 | |
| **നിർവഹണം** | വി.ഇ.ഒ | |
| **അടങ്കൽ** | 23,42,300 | |
| **ചെലവ്** | 21,08,000 | |
| **ഫണ്ട്** | 14,60,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നമ്പർ. 233/13-2-23) |
| | 6,48,000 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | 2,34,230 | ഗുണഭോക്തൃ വിഹിതം |

2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണം നടത്തിയ മേൽ പദ്ധതിയുമായി ഭാഗമായി സോഷ്യോ എകണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ബയോ ബിൻ ഒന്നിന 2,950 രൂപ നിരക്കിൽ 23,42,300 രൂപ ചെലവഴിച്ച 794 ബയോ ബിന്നകൾ (ഇൻവോയ്സ് നം.612/60 തി. 9.2.23) പർച്ചെയ്സ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന ഹജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. ബയോ ബിന്നകളുടെ വിതരണ വിവരം/കൈപറ്റ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ഗുണഭോക്തൃ വിഹിതം ഇനത്തിൽ വകയിരുത്തിയ 2,34,230 രൂപ കൈമാറിയതിന്റെ വിവരങ്ങളോ, കൈമാറാൻ കാലതാമസം നേരിട്ടതിന്റെ കാരണമോ ഫയലുകളിൽ നിന്നും വ്യക്തമല്ല.
3. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം / മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ-29/15.12.23 ന മറുപടി ലഭ്യമായിട്ടില്ല. 21,08,000 രൂപയുടെ ചെലവു തടസത്തിൽ വെക്കുന്നു.

## 1-34 ഫർണിച്ചർ പർച്ചെയ്സ് ചെയ്തതിൽ അപാകത

പ്രൊജക്ട് : 163/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

അടങ്കൽ : 30000 (തനത് ഫണ്ട്)

ചെലവ് : വൗച്ചർ നമ്പർ:22201235/27.03.2023

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്ന് ഇൻവോയ്സ് നമ്പർ TSR 591/21.03.2023 പ്രകാരം മേശയും കസേരയും വാങ്ങിയിട്ടുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഉൽപന്നം | എണ്ണം | തുക | ജി.എസ്.ടി ഉൾപ്പെടെയുള്ള തുക |
|---|---|---|---|
| സ്റ്റഡി ടേബിൾ 90x60x75cm | 6 | 2987.29 | 21150.01 |
| ആംലെസ്സ് ചെയർ | 6 | 1250 | 8850 |
| ആകെ തുക | | | 30000 |

ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 6 മേശയും കസേരയും പർച്ചെയ്സ് ചെയ്തിട്ടുണ്ടെങ്കിലും 5 എണ്ണം വിതരണം ചെയ്ത രേഖകളേ ലഭ്യമാക്കിയിട്ടുള്ളൂ.

2. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ആർട്കോ- യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഫർണ്ണീച്ചറുകൾ അവയുടെ വില എന്നിവ വ്യക്തമാക്കി ജി.ഒ(ആർ.ടി) 1/2021/എസ്.പി.ഡി തിയ്യതി 02-02-2022, ജി.ഒ(ആർ.റ്റി)6/22 /എസ്.പി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ആർട്കോ നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ ഈ ഉത്തരവ് പാലിക്കപ്പെടുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/15.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 30,000/- രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്ന്:തുക അധികം നല്കി

| | |
|---|---|
| **പദ്ധതിയുടെ പേര്** | കിഡ്നി മാറ്റി വെച്ച രോഗികൾക്ക് മരുന്നു വാങ്ങൽ |
| **പ്രൊജക്ട് നം.** | 83/23 |
| **നിർവഹണം** | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| **അടങ്കൽ** | 7,00,000 |
| **ചെലവ്** | 6,93,079 |
| **ഫണ്ട്** | എം.ജി:എൻ.ആർ |

2022-23 സാമ്പത്തിക വർഷത്തിൽ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ മേൽ

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിനു ഹജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം, അവരെ തെരെഞ്ഞെടുക്കുന്ന മാനദണ്ഡം സംബന്ധിച്ച വിവരം, ഗുണഭോക്താക്കളുടെ ലിസ്റ്റ് ഭരണ സമിതി അംഗീകരിച്ച വിവരം/ഭരണ സമിതി തീരുമാനം തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമായിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി മാറിയ 1,51,285 രൂപയുടെ (ബിൽ നം.15 തി 22.12.22) ട്രഷറി ബിൽ വിവരങ്ങൾ, ഇൻവോയ്സ്, സ്റ്റോക്ക് വിവരങ്ങൾ എന്നീ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. ബിൽ നം.5 തി 6.7.22 പ്രകാരം ഉള്ള (ഇൻവോയ്സ് 351,352 തി.12.5.2022) 75,143 രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്ത വിവരങ്ങൾ ലഭ്യമായിട്ടില്ല.

4. പദ്ധതിയുടെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോർ, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. 2223276106795 തി 6.2.23 പ്രകാരം വാങ്ങിയ മരുന്നുകൾക്ക് താഴെ കാണും പ്രകാരം രണ്ട് തവണയായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽനം./തിയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22/22.12.23 | 213790 | 48938,70064,94788 എന്നീ തുകകളുടെ മരുന്ന് ഉൾപ്പെടെ |
| 2 | 17/18.2.23 | 48938 | സ്റ്റോക്ക് വിവരവും ലഭ്യമല്ല |

ഇപ്രകാരം ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുക ആവർത്തിച്ച് നല്കാനിടയായ സാഹചര്യവും, മേൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ഓഡിറ്റിനു ഹജരാക്കിയ ഫയലുകളിൽ നിന്നും വ്യക്തമല്ല. വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/13.12.23നു ക്രമ നം. 1 മുതൽ 3 വരെയുള്ള അപാകതകൾ പരിഹരിച്ച അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയെങ്കിലും ക്രമ നം. 4 നു ഇക്കാര്യം ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിച്ച ശേഷം തുക ക്രമീകരിക്കാനോ തിരികെ അടവാക്കാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിക്കുകയാണുണ്ടായത്. അപാകത നിലനില്ക്കുന്നതിനാൽ അധികമായി നല്കിയ തുക 48,938 രൂപ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 541000 | പ്രൊ.നം-105/22-23 നെൽകൃഷി വികസന പദ്ധതി | 541000 | 0 |
| | 2370000 | പ്രൊ.നം-155/22-23 ലൈഫ് മിഷൻ | 2370000 | 0 |
| | 637980 | പ്രൊ.നം-97/22-23 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 637980 | 0 |
| ജില്ലാ | 212660 | പ്രൊ.നം-97/22-23 ഭിന്ന | 212660 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| GWD | 92/22-23<br>പിഎച്ച്സി സബ്സെന്ററിൽ കുഴൽക്കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ(SO) (ബംഗ്ളാംകുന്ന്) | 10229 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 10229 |
| | 91/22-23<br>പഞ്ചായത്ത് ഓഫീസിൽ കുഴൽക്കിണറും പമ്പ് സെറ്റും സ്ഥാപിക്കൽ(SO) | 10533 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 10533 |
| | 93/22-23<br>ഹോമിയോ ഡിസ്പെൻസറിക്ക് കുഴൽക്കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ(SO) | 13473 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 13473 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ലഭ്യമല്ല | ഇല്ല | -31650 | 402781 | | -434431 |

കുറിപ്പ്: ഖണ്ഡിക കാണുക.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | 00 |
| ആകെ | 6100 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6100 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പറും തിയ്യതിയും |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 5000 | ഷെയർ സർട്ടിഫിക്കറ്റ് നം. 359/29.08.2001 |
| മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1100 | ഷെയർ സർട്ടിഫിക്കറ്റ് നം. 13/27.07.1977 |
| ആകെ | 6100 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 23650/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2021-2022 | 1-16 | 4470 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101322/05.08.2022 |
| 2021-2022 | 1-16 | 6272 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101323/05.08.2022 |
| 2021-2022 | 1-16 | 5098 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101324/05.08.2022 |
| 2021-2022 | 1-16 | 7442 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1220101325/05.08.2022 |
| 2021-2022 | 1-21 | 368 | ആമിന,ഐ.സി.ഡി.എസ് സൂപ്പർവൈസർ | 120105153/04.01.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 10-11 | 3(19) | 2013-14 | ലഘു അവലോകനം | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 44 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 | |

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 4453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4251 | |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1175 | |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1520 | |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, | LF 27890/ Spl.cell/ | 2015 | 29/- 47529/63 | ഇല്ല | ഇല്ല | ഇല്ല | 29 | 1986 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ജൂ.സൂപ്രണ്ട്. | SC3/99 24.07.2001 | | 9.08.06 | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125700105 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 118072208 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,938 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2357935 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 -1 | - | 48,938 | ഡോ.സജീല.എ.കെ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | | 48,938 | |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപേരും |
|---|---|---|
| 1-19 | 34235 | ശ്രീ.ബാബു.ടി.കെ,സെക്രട്ടറി |
| 1-20 | 185700 | ശ്രീ.ബാബു.ടി.കെ,സെക്രട്ടറി |
| 1-34 | 30000 | ശ്രീമതി. ഷൈലജ.കെ.എസ്, ഹെഡ് മിസ്ട്രസ്സ് |
| 1-33 | 21,08,000 | ശ്രീ.അരുൺ കുമാർ.എസ്,വി.ഇ.ഒ |
| | | |
| ആകെ | 2357935 | |

**സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻ്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സജീല.എ.കെ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഗവ.ഹോസ്പിറ്റൽ,തിരൂർ | ചെറുകര ഹൗസ് ആദ്യശ്ശേരി(പി.ഒ) പൊന്മുണ്ടം മലപ്പുറം 676106 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 /7.10.2010 | 5 |
| 1997-98 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 16 |
| 1998-99 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 13 |
| 1999-00 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 10 |
| 2000-01 | കെ.എസ്.എ.എം.പി.എം.15/1580/19/19.10.2019 | 09 |
| 2001-02(വരവ്) | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 2 |
| 2001-02 (ചെലവ്) | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 16 |
| 2002-03 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 4 |
| 2004-05 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 6 |
| 2005-06 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 7 |
| 2007-08 | കെ.എസ്.എ.എം.പി.എം.15/1363/19/ 19.10.2019 | 12 |
| 2008-09 | എൽ.എഫ്.എം.15/1179/11/18.02.2012 | 27 |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1488/13/27.09.2013 | 26 |
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016/ 08.10.2016 | 9 |
| 2013-14, 2014-15 | കെ.എസ്.എ. എം. പി.എം.15/2013/2016/ 20.07.2017 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3400 / 2016/ 07.12.2017 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം.15/2034 / 2017/ 19.07.2018 | 17 |
| 2017-18 | കെ.എസ്.എ.എം.പി.എം.15/274 / 2019/ 1.06.2019 | 15 |
| 2018-19 | കെ.എസ്.എ.എം.പി.എം.15/2860 / 2019/24.04.20 | 18 |
| 2019-20 | കെ.എസ്.എ.എം.പി.എം 15/826/2022/24.09.22 | 11 |
| 2020-21 | കെ.എസ്.എ.എം.പി.എം 15/1409/2022/13.10.2022 | 17 |
| 2021-22 | കെ.എസ്.എ.എം.പി.എം 15/2879/2022/05.09.2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 25-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cheriyamundam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheriyamundam Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Cheriyamundam Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit.

i. Ratios.

ii. Comparative amounts.

2. Cashflow Statement Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents .

3. M.G.N.R.E.G.A- cash statement does not match with A.F.S

4. Bank Reconciliation Statement is not maintained every month attested.

5. A.C.R is not kept for specific purpose grant.

6. Property tax D.C.B does not match with A.F.S

7.Opening balance of the current financial year does not match with previous year C.B

8.The following registers are not updated.

a. Deposit register

b. Advance register.

c. Loan register.

d. Investment register.

e. Asset register.

9. Details of Canara bank account (A/C No. 110042598819) not included in A.F.S

10 Reconciliation statement of Bank account,state bankof india (A/C No:67387641505) does not match with bank statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്